

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 9

SEPTEMBER 2010

## എഡിറ്റോറിയൽ

## വ്യാജമായത് തിരിച്ചറിയുക

വ്യാജമായത് തിരിച്ചറിയാനുള്ള ഏറ്റവും നല്ല മാർഗ്ഗം, ശരിയായിട്ടുള്ളത് നല്ലവണ്ണം മനസ്സിലാക്കുകയാണ്. ബൈബിളിൽ പറയുന്നത് നിന്നെത്തന്നെയും, ഉപദേശത്തെയും സൂക്ഷിച്ചുകൊൾക (1 തിമൊ. 4:16) എന്നാണ്.

ഒരു ചൈനീസ് കഥ കേട്ടിട്ടുണ്ട്. ഒരിക്കൽ ഒരു ബാലൻ ഒരു പ്രത്യേക തരം ജേഡ് രത്നത്തെക്കുറിച്ച് പഠിക്കാൻ പ്രസിദ്ധനായ രത്നവ്യാപാരിയെ സമീപിച്ചു. അദ്ദേഹം രത്നമെടുത്ത് ബാലന്റെ കയ്യിൽ കൊടുത്തിട്ട് അത് മുറുകെ പിടിച്ചുകൊൾവാൻ പറഞ്ഞു. എന്നിട്ട് ബാലനോട് നാട്ടുകാര്യങ്ങൾ സംസാരിച്ച് പറഞ്ഞുവിട്ടു. കുറച്ചുദിവസം ഇതുതന്നെ ആവർത്തിച്ചപ്പോൾ ബാലൻ അക്ഷമനായി. ഇനിയെന്നാണ് ജേഡ് രത്നത്തെക്കുറിച്ച് പഠിപ്പിക്കുന്നത് എന്നായി ബാലന്റെ സംശയം. പക്ഷേ, ബാലന് അത് ചോദിക്കുവാൻ ധൈര്യമില്ലായിരുന്നു. എന്നാൽ ഒരുദിവസം പതിവിനു വിരുദ്ധമായി വ്യാപാരി മറ്റൊരു രത്നമെടുത്ത് ബാലന്റെ കയ്യിൽ കൊടുത്തിട്ട് അതുപോലെതന്നെ മുറുകെ പിടിച്ചുകൊള്ളാൻ പറഞ്ഞു. ബാലൻ പെട്ടെന്ന് ഇത് ജേഡ് രത്നമല്ല എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ വ്യാപാരി പറഞ്ഞു. "ഇനി നിനക്ക് ജേഡ് രത്നം തിരിച്ചറിയാൻ കഴിയും. നിനക്ക് പരിശീലനം അവസാനിപ്പിക്കാം എന്ന് ". അതായത് രത്നവുമായി ഇടപഴകി അതിനെ മനസ്സിലാക്കാനാണ് വ്യാപാരി പഠിപ്പിച്ചത്.

ഇതുപോലെതന്നെ വേണം വ്യാജപ്രവചനങ്ങളും വ്യാജ ഉപദേശങ്ങളും തിരിച്ചറിയാൻ. ഇപ്പോൾ നമുക്കുള്ളതുമായി ശരിയായി ഇടപഴകി, അതു മനസ്സിലാക്കാൻ ശ്രമിക്കണം. അവ ശരിയായി പഠിക്കാതെയാണ് പലരും പുതിയ ഉപദേശങ്ങളുടെയും മറ്റും പുറകെ പായുന്നത്. നാം നമ്മുടെ വിശ്വാസങ്ങളുമായി ശരിയായി ഇടപഴകുക. എങ്കിൽ മാത്രമേ നമുക്ക് വ്യാജപ്രചാരണങ്ങളെ തിരിച്ചറിയാനുള്ള കഴിവുണ്ടാവുകയുള്ളൂ.

"അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ലാ തങ്ങളുടെ വയറ്റിനെയത്രെ സേവിക്കയും ചക്കരവാക്കും, മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളകയും ചെയ്യുന്നു"(റോമ 16:18). പൗലോസ് പഠിപ്പിച്ചിരിക്കുന്നത് തങ്ങളുടെ ഉപദേശം മൂലം ഒന്നായിരിക്കുന്ന സഭയിൽ അഭിപ്രായ ഭിന്നതയും, പിളർപ്പും ഉണ്ടാക്കുന്നവർ വഞ്ചകരായ ഉപദേഷ്ടാക്കളാണെന്നാണ്.

ഇന്നും സഭാവിശ്വാസികളെ കുഴപ്പത്തിലാക്കാൻ ശ്രമിക്കുന്ന ഒരുകൂട്ടം അഭിനവ സുവിശേഷ പ്രവർത്തകരുണ്ട്. സ്നാനപ്പെടുത്താൻ ഓടിനടക്കുന്നവർ. സമ്പത്ത്, ജോലി, രോഗസൗഖ്യം, ശാപമുക്തി തുടങ്ങിയവയാണ് ഇവരുടെ വാഗ്ദാനങ്ങൾ. വഴിമുട്ടിനിൽക്കുന്ന ഒരു കൂട്ടം ആളുകൾ ഇവരുടെ വലയിൽ വീഴാറുണ്ട്. എന്തിനും എളുപ്പവഴി തേടുന്ന ഒരുകൂട്ടർ.. ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിൽക്കൂടി മാത്രമേ ഇവരെ തിരിച്ചറിയുവാനും, പൂർണ്ണവിശ്വാസത്തിൽ നിലനിൽക്കുവാനും നമുക്കു കഴിയുകയുള്ളൂ. ■

# ഉത്സവങ്ങൾ കൂത്തരങ്ങുകളാകരുത്

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



നമ്മുടെ നാട്ടിലെ ഉത്സവങ്ങളും പെരുന്നാളുകളും മുമ്പത്തെക്കാൾ ആർഭാടനിർഭരമായിട്ടുണ്ട്. ദാരിദ്ര്യം അത്രയ്ക്കു കുറഞ്ഞു എന്നു സാരം. പ്രാണൻ നഷ്ടപ്പെടുന്നതും, അനാവശ്യ ആർഭാടങ്ങളുടെ അളവുകോലാൽ വിലയിരുത്തപ്പെടുന്നവയുമായ ഉത്സവങ്ങൾ നന്മയ്ക്കുപകരം തിന്മയാണ് വിളയിക്കുന്നത്.

ഉത്സവങ്ങൾക്ക് ചില ഉദ്ദേശ്യങ്ങളുണ്ട്. ആദ്ധ്യാത്മിക വിദ്യാഭ്യാസം, ഭക്തിവർദ്ധനവ്, നന്ദിപ്രകടനം, ശ്രേഷ്ഠ കലാരൂപങ്ങളുടെ നിയന്ത്രിത അവതരണം ഇവയെല്ലാം പരിഗണിക്കപ്പെടുന്നു. ഭക്തിനിർഭരമായ എന്ന ഗുണവിശേഷം പ്രസ്താവനയിലൂടെ സൃഷ്ടിക്കാവുന്ന പ്രതിഭാസമല്ല. ചടങ്ങുകളായി അസ്തമിക്കുന്ന ഉത്സവങ്ങളും തിരുനാളുകളും ഹൃദയങ്ങളെ അശേഷം ചലിപ്പിക്കുവാൻ പോരുന്നവയല്ല. ഉത്സവവേളയിലെ പ്രത്യേകതകളും, വിശേഷങ്ങളും, വിശേഷരൂപത്തിൽ അതിൽ പങ്കാളികളാകുന്നവരെ സ്പർശിക്കാനുദ്ദേശിച്ചിട്ടുള്ളവയാണ്. ആത്മാവും ആത്മാർത്ഥതയും നഷ്ടപ്പെടുന്ന ഉത്സവങ്ങൾ കൂത്തുകാഴ്ചകളല്ലാതെ മറ്റെന്താണ്?

ഒരു ഉത്സവവും കേവലം സാംസ്കാരികമല്ല; അതിൽ സംസ്കാര വിശേഷങ്ങൾ ഉണ്ടാകുമെന്നത് അവിതർക്കിതമാണെങ്കിലും. മനുഷ്യനെ സംസ്കരിച്ചെടുക്കാനുദ്ദേശിച്ചിട്ടുള്ളവയാണ് തിരുനാളുകളും ഉത്സവങ്ങളും. കുടിച്ചു കൂത്താടാനും, ആർഭാടപ്രദർശനത്തിനുമായി തിരുനാളുകൾ അധഃപതിക്കുമ്പോൾ അത് ഒരുതരം പ്രതിസംസ്കാരമായി തീരുന്നു.

ഇത്രയേറെ ഉത്സവങ്ങളും, തിരുനാളുകളും, സാംസ്കാരിക അവതരണങ്ങളുമുണ്ടായിട്ടും അക്രമങ്ങളും, പീഢനങ്ങളും, കൊലപാതകങ്ങളും, കൊള്ളയടികളും പെരുകുന്നതെന്ത്?

ആഘോഷങ്ങൾ ഉൾപ്പെടെയുള്ള സംഗതികൾ ലക്ഷ്യം നേടുന്നില്ല എന്നല്ലാതെ എന്താണ് ഗ്രഹിക്കാനാവുക. ഉത്സവങ്ങൾ ഒരിക്കലും അവയിൽത്തന്നെ ഒരു ലക്ഷ്യമല്ല. അവ വാഹകങ്ങൾ മാത്രം. മനുഷ്യമനസ്സുകളെ നന്മയിലേക്ക് സംസ്കരിക്കാനാവാത്ത ഉത്സവങ്ങൾ വിനാശകാരികളാണ്. ഹൃദയം കല്ലുപോലെയായി, കൊല്ലാനും, ഭവനഭേദനം നടത്താനും, കൈകാലുകൾ ഛേദിക്കാനും മടിക്കാത്ത നിലയിലേക്ക് ഘനീഭവിക്കുമ്പോൾ, നമുക്കെവിടെയോ തകരാറു പറ്റിയിരിക്കുന്നു എന്നു വ്യക്തമാണ്. റോഡിലെ കുഴിയടയ്ക്കുന്നതുപോലെ പരിഹാരം കാണാത്ത പ്രശ്നങ്ങൾ അങ്ങനെ തുടരുമ്പോൾ പുതിയ പരീക്ഷണങ്ങളും പുതിയ പ്രശ്നങ്ങളും അരങ്ങേറുകയാണ്.

തിരുനാളുകൾ ഹൃദയങ്ങളെ തണുപ്പിക്കുന്നതും, രൂപാന്തരപ്പെടുത്തുന്നവയുമാകട്ടെ. 'തിരുനാൾ' എന്നാൽ 'വിശുദ്ധദിവസം' എന്നാണല്ലോ പൊരുൾ! ■

---

## The Prayer

Blessed Father, we humbly beseech Thee, let none that wait on Thee be ashamed; no, not one. Some are weary, and the time of waiting appears long. And some are feeble, and scarcely know how to wait. And some are so entangled in the effort of their prayers and their work; they think that they can find no time to wait continually. Father, teach us all how to wait! Teach us to think of each other, and pray for each other. Teach us to think of Thee, the God of all waiting ones. Father, let none that wait on Thee be ashamed! For Jesus' sake, Amen

*prayer from Andrew Murray's book "Waiting on the Lord"*

## വികാരിയുടെ കത്ത്



# അനുഗ്രഹീതയായ വി. മറിയാം

**ഫാ. പ്രിൻസ് മാത്യു**

വി. ദൈവമാതാവിന്റെ ദിവ്യമഹാമദ്ധ്യസ്ഥതയിൽ പ. സഭയാകമാനം ഒരിക്കൽ കൂടി അഭയം തേടുന്ന പ്രത്യേക കാലയളവാണല്ലോ ഇത്. ഓഗസ്റ്റ് 15ന് വാങ്ങിപ്പ് പെരുന്നാൾ ആഘോഷിക്കുന്ന സഭ, സെപ്റ്റംബർ ആദ്യവാരം മുഴുവനും അനൗദ്യോഗികമായി വി. മറിയാമിനോടുള്ള മദ്ധ്യസ്ഥതാ ദിനങ്ങളായി ആചരിക്കുന്നു. മറിയാം ഒരു ദേവീസങ്കൽപമല്ല–ദൈവവുമല്ല. പൂർണ്ണ ദൈവത്വവും മറിയാമിനില്ല. പക്ഷേ ദിവ്യത്വമുണ്ട്. ദൈവത്തിന് (സൃഷ്ടാവിന്) മാത്രമായുള്ള ആരാധന മറിയാമിന്(സൃഷ്ടി) നല്കാനും സാധ്യമല്ല. പാരമ്പര്യങ്ങളും, വേദപുസ്തകം തന്നെയും അനുഗ്രഹീതയെന്ന് (ലൂക്കോ 1:42) സാക്ഷ്യപ്പെടുത്തുന്ന മറിയാമിനെ വിലകുറച്ച് കാണാനും നമുക്കാവില്ല. കാരണം ഇത് പരിശുദ്ധാത്മ നിറവിന്റെ സാക്ഷ്യമാണ് (ലൂക്കോ 1:41).

സ്ത്രീകഥാപാത്രങ്ങൾ അനുഗ്രഹീതരായി കാണുന്നത് വേദപുസ്തകത്തിൽ ഇതാദ്യമല്ല. മറിയാമെന്ന സ്ത്രീരത്നത്തോടു ചേർന്ന് മറ്റാളുകളെയും ഈ ഗണത്തിൽ നാം പരിചയപ്പെടുന്നുണ്ട്. ദൈവത്തിന്റെ അനുഗ്രഹസമൃദ്ധിയുടെ പശ്ചാത്തലത്തിൽ അർപ്പിക്കപ്പെട്ട സ്തോത്രാലാപനങ്ങളോടു ചേർന്നാണ് ഈ 'അനുഗ്രഹീത' പ്രയോഗങ്ങൾ കൂടുതലും. ദെബോരയുടെയും ബാരാക്കിന്റെയും കീർത്തനത്തിൽ ഇസ്രയേലിനെ പീഢിപ്പിച്ചിരുന്ന സീസരയെ വധിച്ച യായേലിനെപ്പറ്റി സമാനമായി പരാമർശിക്കുന്നുണ്ട്. (ന്യായാ. 5:24). "ഭൂമിയിലെ സ്ത്രീകളിൽ അനുഗ്രഹീത" യെന്ന് യൂദിത്തിനെക്കുറിച്ചും (യൂദിത്ത് 13:18) കാണാം. ഒരു പ്രത്യേക സമൂഹത്തിന്റെയോ, ദേശത്തിന്റെയോ മാത്രം താത്ക്കാലിക രക്ഷകരായി അവതരിപ്പിക്കപ്പെട്ട ആളുകളാണിവർ. മറിയാമാകട്ടെ, ലോകത്തിന്റെ മുഴുവൻ നിത്യരക്ഷയ്ക്കുള്ള രക്ഷകനെ അവതരിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ട അദ്വിതീയയായ അനുഗ്രഹീതയും. ദൈവം മുന്നോട്ടുവച്ച മറ്റേതു രക്ഷാകര പ്രക്രിയകളെക്കാളും മഹത്താണല്ലോ മനുഷ്യാവതാരം!

ദൈവദൂതന്റെ 'കൃപലഭിച്ചവൾ' സംബോധനയും, ചാർച്ചക്കാരി ഏലിശബേത്തിന്റെ 'സ്ത്രീകളിൽ അനുഗ്രഹീത' പ്രഖ്യാപനവും, മറിയാം തന്നെ ദൈവത്തെ പുകഴ്ത്തുമ്പോൾ പറയുന്ന 'ഭാഗ്യവതി' പ്രയോഗവും ഇവിടെ ചേർത്തുവായിക്കേണ്ടതാണ്. ഈ പ്രശംസകൾ എന്നും തുടരും എന്നുതന്നെയാണ് മറിയാമിന് ദൈവം കൊടുത്ത കാഴ്ചപ്പാടും (ലൂക്കോ 1:48) നിന്നെ വഹിച്ച ഉദരവും, നീ പാൽ കുടിച്ച മുലകളും ഭാഗ്യമുള്ളവയെന്ന ഒരു പ്രചോദിത സമൂഹത്തിന്റെ വക്താവ് വിളിച്ചുപറഞ്ഞ സാക്ഷ്യവും വിസ്മരിച്ചാൽ ക്രിസ്തുവിനെ അടുത്തറിഞ്ഞ സമൂഹത്തിനുള്ള ബഹിഷ്കരണം കൂടിയാവും അത്. ജീവിച്ച സമൂഹത്തിന് കാതങ്ങൾ ദൂരെയും അനുഗ്രഹീത ഇന്നും ആദരിക്കപ്പെടുന്നു. വ്യക്തികളും, ആരാധനാലയങ്ങളും, ആതുരാലയങ്ങളും, ആരാധനാസമൂഹങ്ങളും, വിദ്യാഭ്യാസസ്ഥാപനങ്ങളും ഒക്കെ ഈ അനുഗ്രഹീത നാമത്തിൽ കാണാം. അനുഗ്രഹീത സങ്കൽപം പൂർത്തിയാകുന്നത് ഒരിക്കലും ഭൗതിക നന്മകളുടെ – സൗകര്യങ്ങളുടെ അടിസ്ഥാനത്തിലുമല്ല. വിശുദ്ധന്റെ–വിശുദ്ധയുടെ രൂപം, രൂപക്കൂട്ടിൽ പ്രതിഷ്ഠിക്കപ്പെട്ട് മെഴുകുതിരി വെളിച്ചത്തിൽ മാത്രം പ്രകാശപൂരിതമാകുന്ന ഒന്നല്ലെന്നും കാണിച്ചത് മറിയാമാണ്. ചെലവേറിയതും, ചെറുതല്ലാത്തതുമായ സമർപ്പണവും, സഹജീവികളോടുള്ള ഇടപെടലുകളും സഹകരണവും, ഹൃദയംപിളർക്കുന്ന വേദനകളും, കരളലിഞ്ഞുപോകുന്ന കാഴ്ചകൾ കണ്ടുമാണ് 'അനുഗ്രഹീതയിലേക്ക്' നാം എത്തുന്നത്. കദനകഥകളും, കണ്ണീരും, കഷ്ടതകളും, ക്ലിഷ്ടതകളും മാത്രം!

ദൈവേഷ്ടം തന്നിൽ നിറവേറുന്നതാണ് ഭാഗ്യാവസ്ഥ, അനുഗ്രഹീതാവസ്ഥ എന്നാണ് മറിയത്തിന്റെ പക്ഷം. നമുക്ക് താത്പര്യമുള്ള വിധേനയാണോയെന്നല്ല, പ്രത്യുത നിറവേറിയോയെന്നതാണ് പരിഗണിക്കപ്പെടുന്നത്. ദൈവകടാക്ഷം, ഏതുതരത്തിലുള്ളതായാലും അനുഗ്രഹനിറവുള്ളതാണെന്ന് കന്യകമറിയാം കാണിച്ചുതരുന്നു. തന്റെ അനുഗ്രഹീതാവസ്ഥയ്ക്കു നിദാനം ശക്തൻ ദൈവം തനിക്കു ചെയ്ത 'വൻകാര്യങ്ങളാണ്' (ലൂക്കോ 1:49) ഈ വലിയ കാര്യങ്ങൾ 'ദൈവകരുണയുടെ' ഉദാഹരണങ്ങൾ കൂടിയാണ്. 1:50). ദൈവം നമ്മിൽ പ്രവർത്തിച്ച വൻകാര്യങ്ങൾ നാം കണ്ടുവോ? ദൈവത്തിന്റെ വൻകാര്യങ്ങൾ നമുക്കു താത്പര്യമോ? ദൈവം പ്രവർത്തിക്കുവാനും (അനുഗ്രഹിക്കുവാനും) ദൈവം പ്രവർത്തിച്ചതിനും, അവനിൽ സന്തോഷിച്ച് മഹത്വപ്പെടുത്തുവാൻ നാം തയ്യാറോ? അദ്ദേഹം ശക്തനാണെന്ന് വിശ്വസിച്ച്, താഴ്മയോടുകൂടെ ജീവിച്ച് അനുഗ്രഹീതരായി തലമുറകൾക്ക് മാതൃകയാകുമോ നാം?

കർത്താവിൽ കാര്യങ്ങൾക്ക് നിവൃത്തികണ്ട് വിശ്വസിച്ചതാണ് മറിയാമിന്റെ അനുഗ്രഹത്തിന്, ഭാഗ്യത്തിന് കാരണം (ലൂക്കോ 1:45). അനുഗ്രഹീതരാകാൻ ക്രിസ്തുവിൽ നമുക്കു വിശ്വസിക്കയും, പ്രത്യാശിക്കയും ചെയ്യാം. മറിയാമിൻ സ്മരണ നമുക്ക് വരദായകമാകട്ടെ. നാഥന്റെ ഹൃദയം നമ്മിലും അലിയുവാൻ വി. അമ്മയുടെ പ്രാർത്ഥന നമ്മെ ഒരുക്കട്ടെ. ■

# 'സ്നേഹനിധി' വിതരണം






പുണ്യശ്ലോകനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണയ്ക്കായി കത്തീഡ്രൽ ഇടവക ക്രമീകരിച്ചിരിക്കുന്ന സ്നേഹനിധി പഠനസഹായത്തിന്റെ പ്രഥമ വിതരണം ഓഗസ്റ്റ് 22ന് കത്തീഡ്രൽ ഹാളിൽ നടന്നു. കൊച്ചി, കണ്ടനാട് ഈസ്റ്റ്, വെസ്റ്റ് ഭദ്രാസനങ്ങളിലെ സമർത്ഥരായ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 28 വിദ്യാർത്ഥികൾക്കാണ് പഠനസഹായം നൽകിയത്. ശ്രേഷ്ഠനിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ്, സ്നേഹനിധി വിതരണം ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് അദ്ധ്യക്ഷനായിരുന്നു. ശ്രീ. കെ. എം. റോയ് അനുസ്മരണ പ്രഭാഷണം നടത്തി. അഭി. ഡോ. തോമസ് മാർ അത്താനാസിയോസ്, അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഫാ. ഒ.വി. ഏലിയാസ്, സ്നേഹനിധി പ്രസിഡണ്ട് ജോർജ്ജ് പോൾ, സെക്രട്ടറി കെ.കെ. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

# യെശയ്യാ പ്രവാചകൻ

പി.റ്റി. ജോൺ

"ആകാശമേ കേൾക്ക, ഭൂമിയേ ചെവിതരിക, യഹോവ അരുളിച്ചെയ്യുന്നു; ഞാൻ മക്കളെ പോറ്റിവളർത്തി അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല", എന്ന് പ്രൗഢഗംഭീരമായി ആരംഭിക്കുന്ന യെശയ്യാ പ്രവാചകന്റെ പുസ്തകം, പഴയനിയമത്തിലെ ഏറ്റവും വാക്വൈഭവമുള്ളതും വിശിഷ്ട ആശയങ്ങൾ ഉൾക്കൊള്ളുന്നതും ശ്രുതിമധുരവുമായ പുസ്തകം എന്നു കരുതപ്പെടുന്നു. ഇതിലെ പദ്യരചനയും പദപ്രയോഗങ്ങളും അതുല്യങ്ങളാണ്. വേദപുസ്തകസംബന്ധമായ എഴുത്തുകാരിൽ പദവ്യാപ്തിയിലും ഭാവനാശക്തിയിലും, രചനാശൈലിയിലും യെശയ്യാവിനോടു കിടപിടിക്കുന്ന ആരുംതന്നെ ഇല്ലെന്നുള്ളതാണ് പരമാർത്ഥം. യേശു പലപ്രാവശ്യം യെശയ്യാ പറഞ്ഞിട്ടുള്ളതിനെ ചൂണ്ടിക്കാണിക്കുന്നു. പുതിയ നിയമത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും യെശയ്യാവു തന്നെ.

യെശയ്യാവ് രാജാക്കന്മാരുടെ ഉപദേഷ്ടാവായിരുന്ന് രാഷ്ട്രത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ചു. ഉൽക്കണ്ഠാജനകമായ ഒരു വിഷമഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ബി.സി. എട്ടാം നൂറ്റാണ്ടിൽ ശൗലിന്റെയും, ദാവീദിന്റെയും നേതൃത്വത്തിൽ രാഷ്ട്രം ഉളവായതിന്റെയും അനന്തരം അതിന്റെ നശീകരണത്തിന്റെയും മദ്ധ്യേയുള്ള കാലയളവായിരുന്നു അത്. ഒരു ആഭ്യന്തരയുദ്ധം യിസ്രായേൽ മക്കളെ വടക്ക് (ഇസ്രായേൽ) തെക്ക് (യഹൂദാ) എന്ന് രണ്ടു രാഷ്ട്രങ്ങളായി പിളർത്തി. യഹോവയോടുള്ള ഭക്തി കൂടുതലുണ്ടായിരുന്ന യഹൂദാ ദേശത്താണ് (തെക്കൻരാഷ്ട്രം) യെശയ്യാവു വസിച്ചിരുന്നത്.

പ്രവാചകൻ തന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ യഹൂദാ ബാഹ്യദൃഷ്ടിയിൽ കരുത്തുറ്റതും, സമ്പൽസമൃദ്ധവുമായി തോന്നിച്ചു. എന്നാൽ വളരെ ഗുരുതരമായ വിപത്തിന്റെ സൂചനകൾ വിവേകശാലിയായ അദ്ദേഹം തിരിച്ചറിഞ്ഞു. അതിർത്തിക്കപ്പുറത്തുനിന്നും ഉണ്ടാകാവുന്ന ആക്രമണസാദ്ധ്യതകൾ ഭയാനകമായി ഏറിവന്നു. അയൽരാജ്യമായ ഇസ്രായേലിലെ പട്ടാളം യുദ്ധഭീഷണി മുഴക്കി ആക്രമിക്കുവാൻ തയ്യാറായിനിന്നു.

യഹൂദ രാജ്യം അതിന്റെ ശക്തി വീണ്ടെടുത്ത് ശരിയായ സ്ഥാനത്ത് ഉറച്ചു നിൽക്കുകയാണ് വേണ്ടതെന്ന് യെശയ്യാവ് ശക്തിയുക്തം വാദിച്ചു. അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഒരിക്കലും മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കുവാൻ വേണ്ടി മയപ്പെടുത്തിയിരുന്നില്ല. രാജ്യത്തു വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അദ്ദേഹം കർക്കശമായ ഭാഷയിൽ സംസാരിച്ചു. രാജാക്കന്മാരുമായി സമ്പർക്കം പുലർത്തിയിരുന്നെങ്കിലും, അവർ പറയുന്നതിനൊക്കെ ഏറാൻമൂളുന്ന ആളല്ലായിരുന്നു യെശയ്യാവ്. യെശയ്യാവ് എന്ന പേരിന്റെ അർത്ഥം ദൈവം രക്ഷിക്കുന്നു എന്നാണ്. ദൈവത്തേക്കാൾ കൂടുതൽ സമ്പത്തിലും, സൈന്യശക്തിയിലും ആശ്രയിക്കുന്നത് നാശഹേതുവായിത്തീരുമെന്ന് അദ്ദേഹം രാജാക്കന്മാർക്ക് താക്കീതു നൽകി.

യെശയ്യാവ് തന്റെ കാലത്തു ജീവിച്ചിരുന്ന നാലു രാജാക്കന്മാരേക്കാൾ കൂടുതൽ കാലം ജീവിച്ചു. അവസാനം, ശിശുക്കളെ ബലികഴിക്കുന്നതിന് കുപ്രസിദ്ധിനേടിയ മനശ്ശെ എന്ന രാജാവിനെ, പരസ്യമായി യെശയ്യാവ് അധിക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു. മനശ്ശെ യെശയ്യാവിനെ രണ്ടുപലകകൾക്കിടയിൽ കെട്ടിവെപ്പിച്ച് രണ്ടായി അറപ്പിച്ച് ക്രൂരമായി കൊലപ്പെടുത്തി എന്നാണ് ഐതീഹ്യം.

യെശയ്യാ പ്രവാചകൻ ദൈവത്തിന്റെ വക്താവും പ്രഗത്ഭനായ എഴുത്തുകാരനും, മികച്ച രാജ്യതന്ത്രജ്ഞനും ധീരനായ പോരാളിയുമായിരുന്നു.

(കടപ്പാട് - NIV)

# വാങ്ങിപ്പ് പെരുന്നാൾ

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഓഗസ്റ്റ് 14, 15 തീയതികളിൽ കത്തീഡ്രലിൽ നടന്നു. പത്തനാപുരം മൗണ്ട് താബോർ ദയറാംഗം വന്ദ്യ ഏലിയാസ് റമ്പാൻ പ്രധാന കാർമ്മികനായിരുന്നു. 14 ശനിയാഴ്ച സന്ധ്യാ നമസ്കാരത്തെ തുടർന്ന് ധ്യാനപ്രസംഗവും, പ്രദക്ഷിണവും, ആശിർവ്വാദവും നടന്നു. 15 ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം പ്രദക്ഷണിവും, ആശീർവ്വാദവും, നേർച്ചവിളമ്പും ഉണ്ടായിരുന്നു.









## കുടുംബ വിശേഷങ്ങൾ

# MGOCSM ഓണാഘോഷം

MGOCSM കത്തീഡ്രൽ യൂണിറ്റിന്റെ ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 21 ശനിയാഴ്ച രാവിലെ മുതൽ കത്തീഡ്രൽ ഹാളിൽ നടന്നു. പതിവുപോലെ അത്തപ്പൂക്കളമിടുകയും, വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു. വിഭവസമൃദ്ധമായ ഓണസദ്യയിൽ ഇടവകയിലെ വൈദികരും, മാനേജിങ് കമ്മറ്റി അംഗങ്ങളും, സ്റ്റാഫംഗങ്ങളും, വിദ്യാർത്ഥി സമൂഹവും പങ്കുചേർന്നു. പ്രസ്തുത ദിനത്തിൽ ജന്മദിനം കൊണ്ടാടുന്ന ബഹു. പി.ഐ. വർഗ്ഗീസ് അച്ചനുള്ള അനുമോദന മീറ്റിംഗും ഉണ്ടായിരുന്നു. ഒരുമയും, സാഹോദര്യവും വിളിച്ചോതിയ ഓണാഘോഷ പരിപാടികൾ വൈകുന്നേരത്തോടെ സമാപിച്ചു.








## ORTHODOX CHRISTIAN YOUTH MOVEMENT

St. Mary's Orthodox Cathedral Unit

The following office bearers were elected in the General Body Meeting of Youth Movement conducted on 11/7/2010. Rev. Fr. P.I. Varghese presided over the Meeting

### OFFICE BEARERS (2010 - '11)

**Secretary**
Adv. Abraham Samson : 94461 90445

**Joint Secretary**
Deepa P.R. : 99959 11001

**Treasurer**
Cibi C Cheeran : 99954 87605

**Committee Members**
Shine Philip, Jomy George K, Bindu Sunny, Reena George

## വിശേഷ ദിവസങ്ങൾ

സെപ്റ്റംബർ

8 ബുധൻ : എട്ടുനോമ്പു വീടൽ. വി. ദൈവമാതാവിന്റെ ജനന പെരുന്നാൾ

14 ചൊവ്വ : ശ്ലീബാ പെരുന്നാൾ

## അഭിനന്ദനങ്ങൾ

എറണാകുളം സോൺ OCYM, വൈറ്റില സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ 2010 ജൂലൈ 25-ന് സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ നമ്മുടെ ഇടവകയിലെ ക്രിസ്റ്റീന മറിയം ചാക്കോയും, മെറിൽ ഏബ്രഹാമും മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## നിര്യാതയായി

പനമ്പിള്ളി നഗർ കളരിക്കൽ ശ്രീമതി അച്ചാമ്മ ബേബി (84) 31-7-2010 ൽ നിര്യാതയായി. 2.8.10-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

*Sponsored by:*

JC NYLONS

## മാമോദീസ

1. കളമശ്ശേരി ചങ്ങമ്പുഴ നഗർ ചക്കാലത്ത് ശ്രീ. സുകു യേശുദാസിന്റെയും ശ്രീമതി അലക്സി സുകുവിന്റെയും മകൻ തോമസ് (യതി) 31.7.10 ൽ മാമോദീസ സ്വീകരിച്ചു.
2. കടവന്ത്ര മയൂരപ്രിയയിൽ ശ്രീ. ജോൺ തോമസിന്റെയും ശ്രീമതി മിനി ജോണിന്റെയും മകൻ ശാമുവൽ അഭിഷേക് 31-7-10 ൽ മാമോദീസ സ്വീകരിച്ചു.
3. ഇടപ്പള്ളി അലവുംകുടിയിൽ ശ്രീമതി ശില്പ അന്ന രാജന്റെയും ശ്രീ ജിക്കു ഫിലിപ്പിന്റെയും മകൾ നികിത ആൻ ജിക്കു (Hanna) 8.8.2010 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം

1. ഗാന്ധിനഗർ കുഞ്ഞുവീട്ടിൽ ശ്രീ. കെ.എം. പോളിന്റെയും ശ്രീമതി മറിയാമ്മ പോളിന്റെയും മകൻ ഷിബു പോളും ഉദയംപേരൂർ പുത്തൻപുരയ്ക്കൽ ശ്രീ. പി.സി. പൗലോസിന്റെയും ശ്രീമതി മേരിക്കുട്ടി പൗലോസിന്റെയും മകൾ അന്ന പൗലോസും തമ്മിലുള്ള വിവാഹം 30-8-2010 ൽ കത്തീഡ്രലിൽ നടന്നു.

2. പച്ചാളം അയ്യംകുളങ്ങര ശ്രീ. എ.വി. ജോസിന്റെയും, ശ്രീമതി ലില്ലി ജോസിന്റെയും മകൾ ജൂലിയറ്റ് എ. ജോസും കാട്ടകാമ്പൽ പുലിക്കോട്ടിൽ ശ്രീ. പി.എം. ഉണ്ണിയുടെയും ശ്രീമതി മോളി ഉണ്ണിയുടെയും മകൻ വിപിനും തമ്മിലുള്ള വിവാഹം 29-08-2010ൽ കാട്ടകാമ്പൽ സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ നടന്നു.

3. കത്യകടവ് മാലിയിൽ അഡ്വക്കേറ്റ് സീസർ വി. പിള്ളയുടെയും ശ്രീമതി മേരി ജേക്കബിന്റെയും മകൻ വിശാഖും പാമ്പാടി മാക്കാൽ ശ്രീ. എം.എം. വറുഗീസിന്റെയും ശ്രീമതി സാറാ വറുഗീസിന്റെയും മകൾ അയ്നുവും തമ്മിലുള്ള വിവാഹം 30-8-2010-ൽ പാമ്പാടി സെന്റ്. ജോൺസ് കത്തീഡ്രലിൽ നടന്നു.

4. വൈറ്റില ജനത റോഡ് മനയത്ത് ശ്രീ. ടി.പി. ഫിലിപ്പിന്റെയും ശ്രീമതി സാറാമ്മ ഫിലിപ്പിന്റെയും മകൻ ഏബ്രഹാം ഫിലിപ്പും തിരുവനന്തപുരം പേരൂർക്കട അറപ്പുരയിൽ ശ്രീ. എ.ജി. തോമസിന്റെയും പരേതയായ ശ്രീമതി ലീലാമ്മ തോമസിന്റെയും മകൾ സ്വേതയും തമ്മിലുള്ള വിവാഹം 22-08-2010ൽ തേവര സെന്റ് തോമസ് പള്ളിയിൽ നടന്നു.



5. പച്ചാളം കാഞ്ഞിരത്തിങ്കൽ ശ്രീ. കെ. ജോസഫ് മാത്യുവിന്റെയും ശ്രീമതി ജയിൻ ജോസഫിന്റെയും മകൻ ജറിനും പൂക്കാട്ടുപടി കീരംകുഴിയിൽ ശ്രീ. കെ.സി. പോളിന്റെയും ശ്രീമതി ഏ.പി. മേരിയുടെയും മകൾ അഞ്ജുവും തമ്മിലുള്ള വിവാഹം 22-8-2010ൽ പാലാരിവട്ടം സെന്റ് ജോർജ്ജ് പള്ളിയിൽ നടന്നു.

6. 12-7-2010 ൽ കത്തീഡ്രലിൽ വിവാഹിതരായ ലിയ അന്ന ജോണും, രോഹിത് ജോബും



*വധൂവരന്മാർക്ക് മംഗളാശംസകൾ!*

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***